# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.11.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) **രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ പ്രഥമ ഏഷ്യൻ ബുദ്ധിസ്റ്റ് ഉച്ചകോടിയിൽ പങ്കെടുക്കും.**
**President Droupadi Murmu will attend the first Asian Buddhist Summit to be held in New delhi today.**

2) **കാനഡയിലെ ഹിന്ദു ക്ഷേത്രത്തിന് നേരെയുണ്ടായ ആക്രമണത്തെ ശക്തമായി അപലപിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭീരുത്വം നിറഞ്ഞ നടപടിയെന്നും പ്രധാനമന്ത്രി.**
**Prime Minister Narendra Modi strongly condemned the recent attack on the Hindu temple in Canada. Prime Minister called it a cowardly act.**

3) **പതിനൊന്ന് ക്ലാസിക്കൽ ഭാഷകളുള്ള ലോകത്തെ ഒരേയൊരു രാജ്യമാണ് ഇന്ത്യയെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.**
**Union Home Minister Amit Shah said that India is the only country in the world with eleven classical languages.**

4) **ഝാർഖണ്ഡ്, മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിനായുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. കേരളത്തിലും ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തം.**
**Political parties intensified Campaigning for Jharkhand and Maharashtra assembly elections. Campaigning for Kerala by elections in full swing.**

5) **പി.എം. വിശ്വകർമ പദ്ധതിയിലേക്ക് ഒരു വർഷത്തിനകം 25 ദശലക്ഷത്തിലധികം അപേക്ഷകൾ ലഭിച്ചതായി കേന്ദ്രസർക്കാർ.**
**The central government has received over 25 million applications for the PM Vishwakarma scheme within a year.**

6) **അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഇന്ന്. മത്സരം മുൻ പ്രസിഡന്റ് ഡോണൾഡ് ട്രംപും വൈസ് പ്രസിഡന്റ് കമല ഹാരിസും തമ്മിൽ.**

**The US will go to polls today to elect the new President. Former President Donald Trump and Vice President Kamala Harris to contest.**

====================================

## PREZ-BUDDHIST SUMMIT

ന്യൂഡൽഹിയിൽ ഇന്ന് നടക്കുന്ന പ്രഥമ ഏഷ്യൻ ബുദ്ധമത ഉച്ചകോടിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുക്കും. ബുദ്ധമതത്തിന്റെ ശ്രേഷ്ഠമായ പൈതൃകം ആഘോഷിക്കുകയാണ് രണ്ട് ദിവസത്തെ സമ്മേളനത്തിന്റെ ലക്ഷ്യം. ഏഷ്യയെ ശക്തിപ്പെടുത്തുന്നതിൽ ബുദ്ധമതത്തിൻറെ പങ്ക് എന്നതാണ് പ്രമേയം. സാംസ്കാരിക മന്ത്രാലയം ഇൻ്ററർനാഷണൽ ബുദ്ധിസ്റ്റ് കോൺഫെഡറേഷന്റെ സഹകരണത്തോടെയാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്. ബുദ്ധമത സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള വേദി കൂടിയാണ് ഈ ഉച്ചകോടി.

====================================

## PM-CANADA ATTACK

കാനഡയിലെ ഹിന്ദു ക്ഷേത്രത്തിന് നേരെയുണ്ടായ ആക്രമണത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ശക്തമായി അപലപിച്ചു. രാജ്യത്തെ നയതന്ത്രജ്ഞരെ ഭീഷണിപ്പെടുത്താനുള്ള ഭീരുത്വം നിറഞ്ഞ ശ്രമങ്ങൾ ഒരുപോലെ ഭയാനകമാണെന്ന് സോഷ്യൽ മീഡിയ പോസ്റ്റിൽ പ്രധാനമന്ത്രി പറഞ്ഞു. നീതി ഉറപ്പാക്കാനും നിയമവാഴ്ച ഉയർത്തിപ്പിടിക്കാനും അദ്ദേഹം കനേഡിയൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

====================================

## CANADA-DISRUPTION

കാനഡയിലെ ബ്രാംപ്ടണിൽ  ഹിന്ദു സഭാ ക്ഷേത്രത്തിന് നേർക്കുണ്ടായ വിഘടനവാദി ആക്രമണത്തെ അപലപിച്ച് ഇന്ത്യ. കാനഡയിലെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയിലും വിദേശകാര്യ മന്ത്രാലയം ആശങ്ക പ്രകടിപ്പിച്ചു. ആരാധനാലയങ്ങൾ ഇത്തരം ആക്രമണങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടുന്നതായി ഉറപ്പുവരുത്തണമെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ കനേഡിയൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

==================================

## SHAH-HINDI SAMITI

11 ക്ലാസിക്കൽ ഭാഷകളുള്ള ലോകത്തെ ഒരേയൊരു രാജ്യമാണ് ഇന്ത്യയെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ കേന്ദ്രീയ ഹിന്ദി സമിതിയുടെ 32-ാമത് യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാ ആധുനിക വിദ്യാഭ്യാസ പാഠ്യപദ്ധതികളും ഹിന്ദിയിലേക്കും മറ്റെല്ലാ ഇന്ത്യൻ ഭാഷകളിലേക്കും വിവർത്തനം ചെയ്യേണ്ടത് ആവശ്യമാണെന്നും ആഭ്യന്തരമന്ത്രി പറഞ്ഞു. കേന്ദ്ര മന്ത്രിമാരായ ജെ പി നഡ്ഡ, ധർമ്മേന്ദ്ര പ്രധാൻ, അർജുൻ റാം മേഘ് വാൾ, കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. രാജ്യത്ത് ഹിന്ദി ഭാഷയുടെ വികസനത്തിനും പ്രോത്സാഹനത്തിനുമുള്ള മാർഗനിർദേശങ്ങൾ നൽകുന്ന പരമോന്നത സ്ഥാപനമാണ് 'കേന്ദ്രീയ ഹിന്ദി സമിതി'.

==================================

## MAHARASHTRA ELECTION

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള സമയപരിധിഇന്നലെ അവസാനിച്ചു. സംസ്ഥാനത്തെ 288 മണ്ഡലങ്ങളിൽ ഒറ്റഘട്ടമായി ഈ മാസം 20 നാണ് വോട്ടെടുപ്പ്. ബിജെപി-ശിവസേന-എൻസിപി എന്നീ പാർട്ടികളുടെ മഹായുതി സഖ്യവും, കോൺഗ്രസ്, ശിവസേന-ഉദ്ധവ് താക്കറേ വിഭാഗം, എൻസിപി-ശരത് പവാർ വിഭാഗം എന്നീ പാർട്ടികളുടെ മഹാ വികാസ് അഘാഡിയും തമ്മിലാണ് മഹാരാഷ്ട്രയിൽ മത്സരം. മുൻനിര നേതാക്കൾ സംസ്ഥാനത്ത് പ്രചാരണ രംഗത്ത് സജീവമാണ്. ബിജെപി മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഈ മാസം 8 മുതൽ സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നാളെ മുംബൈയിലും, നാഗ്പൂരിലും പ്രചാരണ റാലികളെ അഭിസംബോധന ചെയ്യും.

===================================

## JHARKHAND CAMPAIGN

ഝാർഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പിലേക്കായുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്നലെ സംസ്ഥാനത്തെ വിവിധ മണ്ഡലങ്ങളിൽ നടന്ന തിരഞ്ഞെടുപ്പ് യോഗങ്ങളെ അഭിസംബോധന ചെയ്തു. അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മയും ബി ജെ പി യോഗങ്ങളിൽ പങ്കെടുത്തു. അതേസമയം സംസ്ഥാന നേതാക്കളെയും പ്രവർത്തകരെയും അണിനിരത്തി ശക്തമായ പ്രചാരണമാണ് കോൺഗ്രസ് നടത്തുന്നത്. ജെ.എം.എം നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ത് സോറനും വിവിധ

പൊതുയോഗങ്ങളിൽ പങ്കെടുത്തു. ഈ മാസം 13, 20 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായാണ് ഝാർഖണ്ഡിൽ വോട്ടെടുപ്പ്.

==================================

## PALAKKAD ELECTION

കല്പാത്തി രഥോത്സവം നടക്കുന്നതിനാൽ ഈ മാസം 13 ന് നിശ്ചയിച്ചിരുന്ന പാലക്കാട് നിയമസഭാ ഉപതിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് ഈ മാസം 20 ലേക്ക് മാറ്റി തിരഞ്ഞെടുപ്പ് കമ്മീഷൻ. തീയതി മാറ്റണമെന്ന് വിവിധ രാഷ്ട്രീയ പാർട്ടികൾ തിരഞ്ഞെടുപ്പ് കമ്മീഷനോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. അതേസമയം സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും, ചേലക്കര നിയമസഭാ മണ്ഡലത്തിലും പ്രചാരണം ഊർജ്ജിതം. 13 നാണ് രണ്ടിടത്തും വോട്ടെടുപ്പ്. മൂന്ന് മണ്ഡലങ്ങളിലെയും വോട്ടെണ്ണൽ ഈ മാസം 23 ന് നടക്കും.

==================================

## WAYANAD CAMPAIGN – (INTRO)

വയനാട് ലോക്സഭ ഉപതിരഞ്ഞെടുപ്പിൽ പ്രചാരണം ഊർജ്ജിതമാക്കി മൂന്ന് മുന്നണികളും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**വയനാട് ജില്ല പ്രതിനിധി അരുൺ വിൻസന്റ്......**

**(VOICE........)**

==================================

## IT ACT- 6,500 SUGGESTIONS

ആദായ നികുതി നിയമം പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ മാസം  6,500 നിർദേശങ്ങൾ ലഭിച്ചതായി ആദായ നികുതി വകുപ്പ്. 1961- ലെ ആദായ നികുതി നിയമം പുനഃപരിശോധിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന് ശേഷം കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ അധ്യക്ഷതയിൽ ഇന്നലെ യോഗം ചേർന്നു. റെവന്യൂ സെക്രട്ടറി സഞ്ജയ് മൽഹോത്ര, കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

=====================================

## MUDA SCAM

മുഡ ഭൂമിയിടപാട് കേസിൽ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യക്ക് ലോകായുക്ത നോട്ടീസ്. ബുധനാഴ്ച മൈസുരുവിലെ ലോകായുക്ത ഓഫീസിൽ ചോദ്യം ചെയ്യലിന് ഹാജരാകണമെന്നാണ് നോട്ടീസിൽ ആവശ്യപ്പെടുന്നത്. കേസുമായി ബന്ധപ്പെട്ട് സിദ്ധരാമയ്യയുടെ ഭാര്യയെയും ലോകായുക്ത ചോദ്യം ചെയ്തിരുന്നു. ഭൂമിയിടപാട് കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്.

=====================================

## DELHI-POLLUTION

ഡൽഹിയിൽ വായു ഗുണനിലവാരം അപകടാവസ്ഥയിൽ തുടരുന്നു. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് അനുസരിച്ച് ഗുണനിലവാരസൂചികയിൽ ഇന്ന് 377 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. നഗരത്തിന്റെ ചില ഭാഗങ്ങളിൽ മലിനീകരണ തോത് 400 കടന്ന് ഗുരുതര നിലയിലെത്തിയതായും റിപ്പോർട്ടുണ്ട്. അതേസമയം, ദീപാവലി ആഘോഷങ്ങളിൽ പടക്കങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന

നിരോധനം കർശനമായി പാലിക്കാത്തതിൽ ഡൽഹി സർക്കാരിൽ നിന്നും സുപ്രീംകോടതി വിശദീകരണം തേടി.

==================================

## PM-VISHWAKARMA

പി.എം. വിശ്വകർമ പദ്ധതിയിലേക്ക് ഇതിനകം 25 ദശലക്ഷത്തിലധികം അപേക്ഷകൾ ലഭിച്ചതായി കേന്ദ്രസർക്കാർ. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ ആരംഭിച്ച പദ്ധതിയിലൂടെ 10 ലക്ഷം കരകൗശല വിദഗ്ധർക്ക് ഉപകരണങ്ങൾക്കായുള്ള സാമ്പത്തിക സഹായം ലഭ്യമാക്കിയതായി MSME മന്ത്രാലയം അറിയിച്ചു. പരമ്പരാഗത കരകൗശല മേഖലയെ പുനരുജ്ജീവിപ്പിക്കാനും കരകൗശല വിദഗ്ധരെ പിന്തുണയ്ക്കാനുമുള്ള സർക്കാരിന്റെ സമർപ്പണത്തിന്റെ തെളിവാണ് പ്രധാനമന്ത്രി വിശ്വകർമ പദ്ധതിയെന്നും മന്ത്രാലയം വ്യക്തമാക്കി.

==================================

## TSUNAMI

ഇന്ന് ലോക സുനാമി ജാഗ്രതാ ദിനം. സുനാമിയുടെ പ്രത്യാഘാതങ്ങളെക്കുറിച്ചും സുനാമി തയ്യാറെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും സുനാമി മുന്നറിയിപ്പിനെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായാണ് നവംബർ 5 ന് ലോക സുനാമി അവബോധ ദിനം ആചരിക്കുന്നത്. 2015-ൽ ഐക്യരാഷ്ട്ര പൊതുസഭയുടെ തീരുമാനപ്രകാരമാണ് ദിനാചരണം ആരംഭിച്ചത്.

==================================

## US PREZ POLLS

യു.എസിൽ പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഇന്ന്. റിപ്പബ്ലിക്കൻ നോമിനിയും മുൻ പ്രസിഡന്റുമായ ഡോണൾഡ് ട്രംപും ഡെമോക്രാറ്റിക്ക് സ്ഥാനാർത്ഥിയും വൈസ് പ്രസിഡന്റുമായ കമല ഹാരിസും തമ്മിലാണ് പോരാട്ടം.
തിരഞ്ഞെടുപ്പ് ഇന്ത്യൻ സമയം ഇന്ന് രാവിലെ 5.30 നും രാത്രി 7.30 നും ഇടയിലായിരിക്കും. തിരഞ്ഞെടുപ്പിൽ വിജയിക്കാൻ ഒരു സ്ഥാനാർത്ഥിക്ക് 270 ഇലക്ടറൽ കോളേജ് വോട്ടുകൾ ആവശ്യമാണ്. അടുത്ത വർഷം ജനുവരി 6 ന് നടക്കുന്ന യു എസ് കോൺഗ്രസിന്റെ പ്രത്യേക സമ്മേളനത്തിൽ ഇലക്ടറൽ വോട്ടുകൾ എണ്ണും.

==================================

## PRALHAD JOSHI – (INTRO)

ഒരു കാലത്ത് സ്വപ്നം മാത്രമാണ് സൗരോർജ്ജം, ഇപ്പോൾ ലോകത്തെ ശുദ്ധവും സുസ്ഥിരവുമായ ഊർജ്ജത്തിന്റെ പാതയിലേക്ക് നയിക്കുന്ന ശക്തമായ ഒരു യാഥാർത്ഥ്യമാണെന്ന് കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി പറഞ്ഞു. ന്യൂഡൽഹിയിൽ നടക്കുന്ന അന്താരാഷ്ട്ര സൗരോർജ്ജ സഖ്യ അസംബ്ലിയുടെ ഏഴാം സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**(......VOICE....)**

==================================

## IDUKKI DAM

ഇടുക്കി ഡാമിലെ ജലനിരപ്പ് മുൻ വർഷത്തേക്കാൾ 22 അടിയിലേറെ വർദ്ധിച്ചു. നിലവിൽ 72.20 ശതമാനം വെള്ളമാണ് ഇടുക്കിയിലുള്ളത്. വൃഷ്ടി പ്രദേശത്ത് കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത മഴയെ തുടർന്ന് ഇടുക്കി ഡാമിലേക്കുള്ള

നീരൊഴുക്ക് വർദ്ധിച്ചു. 2378.42 അടിയാണ് നിലവിലെ ജലനിരപ്പ്. മുൻവർഷമിത് 2355.52 അടിയായിരുന്നു.

22.9 അടിയുടെ വർദ്ധനവാണുണ്ടായിരിക്കുന്നത്.

======================================

## SABARIMALA

ശബരിമല തീർത്ഥാടനത്തിന് എത്തുന്നവർക്കായി മികച്ച ആരോഗ്യ സംവിധാനങ്ങൾ ഉറപ്പാക്കുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. തീർത്ഥാടനമായി ബന്ധപ്പെട്ട് പമ്പ ശ്രീരാമസാകേതം ഹാളിൽ ചേർന്ന ആരോഗ്യവകുപ്പിന്റെ അവലോകനയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

======================================

## SCHOOL

സംസ്ഥാന സ്കൂൾ കായിക മേളയുടെ മത്സരങ്ങൾ ഇന്ന് ആരംഭിക്കും. വിവിധ വേദികളിൽ സീനിയർ, ജൂനിയർ, സബ്ജൂനിയർ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗങ്ങളിലായി മത്സരങ്ങൾ നടക്കും.

======================================

======================================

======================================